ഉത്തരം

(എ) കേരളത്തിനു പുറത്തുനിന്നുള്ള വ്യവസായികൾക്ക് പ്രധാനമായും താഴെ പറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്.

(1) ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി സ്റ്റഡിക്കു വേണ്ടിവരുന്ന ചെലവിന്റെ ഒരു പങ്ക് വഹിക്കുന്നു.

(2) വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ച ജില്ലകളുടെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് സെൻട്രൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും നൽകുന്നു.

(3) ഉൽപ്പാദനം ആരംഭിച്ചുകഴിഞ്ഞ യൂണിറ്റുകളെ ആദ്യത്തെ മൂന്നുവർഷത്തേക്ക് ഇലക്ട്രിസിറ്റി തീരുവയിൽ നിന്ന് ഒഴിവാക്കുന്നു.

(4) 2-9-1982-നും 1-9-1987-നും ഇടയ്ക്ക് ഉൽപ്പാദനം ആരംഭിച്ചിട്ടുള്ള വ്യവസായ യൂണിറ്റുകൾക്ക് 1982-ന് മുമ്പ് പ്രാബല്യത്തിലിരുന്ന കറൻറ് ചാർജ്ജ് അനുവദിക്കുന്നു.

മുകളിൽ പറഞ്ഞ ആനുകൂല്യങ്ങൾക്കു പുറമെ, കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ നിലവിലുള്ളതിനെപ്പറ്റിയും, ലഭ്യമാകുന്ന ആനുകൂല്യങ്ങളെപ്പറ്റിയും ബോധപൂർവ്വമുള്ള പ്രചരണം നൽകി വ്യവസായികളെ ആകർഷിക്കാനുള്ള ശ്രമം തുടരുന്നുണ്ട്.

(ബി) 21 (ഇരുപത്തി ഒന്ന്)

ലാൻറ് റീ-സർവ്വേ

647 [610] ശ്രീ. പി. വിജയദാസ്:
,, കെ. കൃഷ്ണൻകുട്ടി:
,, കെ. കെ. ബാലകൃഷ്ണൻ:
ശ്രീമതി റേച്ചൽ സണ്ണി പനവേലി:
ശ്രീ. വി. സി. കബീർ:
,, സിറിയക് ജോൺ:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാൻറ് റീ-സർവ്വേയ്ക്കുള്ള സംവിധാനമെന്താണ്;

(ബി) ഇതിന്റെ പ്രവർത്തനം എന്നാണ് തുടങ്ങിയത്;

(സി) റീ-സർവ്വേ എന്തുമാത്രം പുരോഗമിച്ചു; എത്ര താലൂക്കുകളിൽ പൂർത്തിയായി;

(ഡി) ഇതെന്നുപൂർത്തിയാകുമെന്നു വ്യക്തമാക്കാമോ;

(ഇ) ഓരോ ജില്ലയിലും എത്രത്തോളം പൂർത്തിയായി;

(എഫ്) റീ-സർവ്വേയ്ക്കുവേണ്ടി ട്ടേ ഉടമകളിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ജി) റീ-സർവ്വേക്കായി കേന്ദ്ര ബഡ്ജറിൽ നിന്നും അനുവദിച്ച തുക ലാപ്സായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഉണ്ടെങ്കിൽ ലാപ്സാകാൻ കാരണമെന്ത്;

(ഐ) റീ–സർവ്വേയെപ്പറ്റി ഭൂ ഉടമകളിൽ നിന്നും എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ;

(ജെ) ഉണ്ടെങ്കിൽ ഇനിയുള്ള റീ–സർവ്വേ ഉടമസ്ഥന്റേയോ അവരുടെ പ്രതിനിധിയുടേയോ സാന്നിദ്ധ്യത്തിൽ നടത്താൻ നടപടി എടുക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മിക്കവാറും ജില്ലകളിൽ റീ–സർവ്വേ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. 12 റീ–സർവ്വേ പാർട്ടികളും 3 റേഞ്ച് റീ–സർവ്വേ പാർട്ടികളും 3 മാപ്പിംഗ് ഓഫീസുകളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 1966–67–ൽ.

(സി) സംസ്ഥാനത്തെ 61 താലൂക്കുകളിൽ 18 താലൂക്കുകളിൽ റീ–സർവ്വേ ഫീൽഡ് പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. 26 താലൂക്കുകളിൽ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ബാക്കി താലൂക്കുകളിൽ റീ–സർവ്വേ പ്രവർത്തനം തുടങ്ങിയിട്ടില്ല.

(ഡി) 1990–ൽ റീ–സർവ്വേ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) താലൂക്കടിസ്ഥാനത്തിലാണ് റീ–സർവ്വേ പ്രവർത്തനങ്ങൾ നടത്തുന്നത്. ഓരോ ജില്ലയിലേയും താലൂക്കടിസ്ഥാനത്തിലുള്ള പുരോഗതി അനുബന്ധമായി ചേർത്തിരിക്കുന്നു.†

(എഫ്) റീ–സർവ്വേയ്ക്കുവേണ്ടി ഭൂ ഉടമകളിൽ നിന്നും നികുതി ഈടാക്കാറില്ല. എന്നാൽ സർവ്വേ പൂർത്തിയാക്കാൻ സർവ്വേ ചാർജ്ജ് ഭൂ ഉടമകളിൽ നിന്നും ഈടാക്കുന്നതാണ്.

(ജി) ഇല്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

(ഐ) പരാതികൾ കിട്ടിയിട്ടുണ്ട്.

(ജെ) റീ–സർവ്വേ പ്രവർത്തനങ്ങൾ ഓരോ താലൂക്കിലും ആരംഭിക്കുന്നതിനു മുൻപായി സർവ്വേ അതിരടയാള നിയമ പ്രകാരമുള്ള സെക്ഷൻ 6 (1) നോട്ടീസ് പ്രസിദ്ധീകരിക്കുകയും അതിൽ ഭൂ ഉടമകൾ റീ–സർവ്വേ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നതിന് അഭ്യർത്ഥിക്കുകയും ചെയ്തുവരുന്നു.

വീടുവച്ചു കൊടുക്കുന്ന പരിപാടി ഏറ്റെടുത്തിട്ടുള്ള സംഘടനകൾ

648 [611] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

സന്നദ്ധസംഘടനകൾ വഴി വീടുവച്ചു കൊടുക്കുന്ന പരിപാടി ഏറ്റെടുത്തിട്ടുള്ള സംഘടനകൾ എത്രയാണെന്നും അവ ഏതൊക്കെയാണെന്നും വെളിപ്പെടുത്താമോ?

† ലൈബ്രറിയിൽ മേശപ്പുറത്തുവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly